# മെത്രാൻ ശുശ്രൂഷയെ സംബന്ധിക്കുന്ന ഡിക്രി

ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ

**ആമുഖം**

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളിലെ ഡിക്രികളുടെ ഗണത്തിലെ നാലാമത്തേതാണു മെത്രാൻശുശ്രൂഷയെ സംബന്ധിക്കുന്ന ഡിക്രി. 1965 ഒക്ടോബർ 25 ന് ഈ ഡിക്രി പ്രസിദ്ധീകൃതമായി. ക്രിസ്തൂസ് ദോമിനൂസ് (Christus Dominus = മിശിഹാ കർത്താവ്) എന്നതാണ് ഈ രേഖയുടെ ഔദ്യോഗിക ലത്തീൻ നാമം. മൂന്ന് അദ്ധ്യായങ്ങളിലായി 44 ഖണ്ഡികകൾ ഈ ഡിക്രിക്കുണ്ട്. മെത്രാൻ ശുശ്രൂഷയുടെ ശ്രേഷ്ഠത, അതിന്റെ സംഘാതാത്മകത, മെത്രാന്മാർ തമ്മിലുള്ള പരസ്പര സഹകരണം എന്നിവ സംബന്ധിച്ചുള്ള കൗൺസിൽ പിതാക്കന്മാരുടെ ഉദാത്തമായ ദർശനങ്ങൾ ഈ രേഖയിൽ തെളിയുന്നുണ്ട്. തിരുസഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷന്റെ മൂന്നാം അദ്ധ്യായത്തിൽ മെത്രാൻശുശ്രൂഷയെക്കുറിച്ച് നൽകിയിരിക്കുന്ന പ്രബോധനങ്ങളുടെ വിശദീകരണമാണ് ഈ ഡിക്രി.

**പ്രധാന ചിന്തകൾ**

i) **മെത്രാന്മാർ ശ്ലീഹന്മാരുടെ പിൻഗാമികൾ:** കൗൺസിൽ പിതാക്കന്മാർ മെത്രാൻശുശ്രൂഷയെ നിർവ്വചിക്കുന്നതും വിശദീകരിക്കുന്നതും മെത്രാന്മാർ ശ്ലീഹന്മാരുടെ പിൻഗാമികൾ എന്ന നിലയിലാണ്. ''... ഈ ഭൂമിയിൽ മിശിഹാ അവിടുത്തെ ആടുകളെയും കുഞ്ഞാടുകളെയും മേയിക്കുവാൻ പത്രോസിനെ ഭരമേൽപിച്ചു. പത്രോസിന്റെ പിൻഗാമിയാണ് റോമാ മാർപാപ്പാ... പരിശുദ്ധാത്മാവാൽ നിയമിതരായ മെത്രാന്മാർ ആത്മപാലകരാണെന്ന നിലയിൽ ശ്ലീഹന്മാരുടെ പിൻഗാമികളാണ്. നിത്യം ജീവിക്കുന്ന ഇടയനായ മിശിഹായുടെ ദൗത്യം മാർപാപ്പയോടു കൂടിയും അദ്ദേഹത്തിന്റെ കീഴിലും എന്നെന്നും തുടർന്നുകൊണ്ടുപോകാനാണ് മെത്രാൻമാർ നിയുക്തരായിരിക്കുന്നത്''(n. 2). മെത്രാന്മാരുടെ പ്രഥമവും പ്രധാനപ്പെട്ടതുമായ ദൗത്യം ഇടയധർമ്മമാണെന്ന ചിന്ത ഈ രേഖയിലുടനീളം കാണുന്നുണ്ട്.

ii) **മെത്രാന്മാരുടെ സംഘാതാത്മകത:** മെത്രാന്മാരും സാർവ്വത്രിക സഭയും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്ന പശ്ചാത്തലത്തിലാണ് മെത്രാന്മാരുടെ സംഘാതാത്മകതയെക്കുറിച്ച് ഈ ഡിക്രി പഠിപ്പിക്കുന്നത്. ഒന്നാം വത്തിക്കാൻ കൗൺസിൽ പറഞ്ഞുവച്ച 'മാർപാപ്പായുടെ പരമാധികാരം' എന്ന പ്രബോധനം പൂർണ്ണമായി വിശദീകരിക്കപ്പെടുന്നത് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്ന മെത്രാന്മാരുടെ സംഘാതാത്മകതയെപ്പറ്റിയുള്ള ദർശനത്തിലൂടെയാണ്. ''മെത്രാന്മാർ കൗദാശികാഭിഷേകത്താലും തലവനോടും അംഗങ്ങളോടും ഹയരാർക്കി സംബന്ധമായ ഐക്യത്താലും മെത്രാൻസംഘത്തിലെ അംഗങ്ങളായി തീരുന്നു. പഠിപ്പിക്കുന്നതിനും അജപാലനപരമായ ഭരണം നടത്തുന്നതിനും മെത്രാൻ സംഘം അപ്പസ്തോലസംഘത്തിന്റെ പിന്തുടർച്ചയാണ്. ഈ സംഘത്തിന്റ ശിരസ്സാണ് റോമാ മാർപാപ്പാ. ഈ സംഘത്തിന്റെ തലവനെന്ന നിലയിൽ അദ്ദേഹത്തോടുകൂടി സാർവ്വത്രിക സഭയുടെമേൽ പരമവും സമ്പൂർണ്ണവുമായ അധികാരം മെത്രാൻസംഘത്തിന് ഉണ്ടായിരിക്കും. എന്നാൽ അദ്ദേഹത്തെ കൂടാതെ ഈ അധികാരം ഉണ്ടായിരിക്കുന്നതുമല്ല... ഈ അധികാരം അവർ ആഘോഷപൂർവ്വം സാർവ്വത്രിക സൂനഹദോസിൽ പ്രയോഗിക്കുന്നു''(n. 4). മെത്രാന്മാർക്ക് കൂട്ടുത്തരവാദിത്വമാണുള്ളതെന്ന്

ഈ പ്രമാണരേഖ വ്യക്തമായി ഓർമ്മിപ്പിക്കുന്നു. ദൈവികനിയമത്താലും അപ്പസ്തോലികാധികാരത്താലും ഓരോ മെത്രാനും മറ്റെല്ലാ മെത്രാന്മാരോടും കൂടി തിരുസഭയോട് ഉത്തരവാദിത്വപ്പെട്ടവരാണെന്നും എല്ലാ സഭകളുടെയും കാര്യത്തിൽ മെത്രാന്മാർ ഔത്സുക്യം പ്രകടിപ്പിക്കണമെന്നും ഈ രേഖ അനുസ്മരിപ്പിക്കുന്നു. മെത്രാന്മാരുടെ സംഘാതാത്മകത, മാർപാപ്പയുടെയും ശ്ലൈഹിക സിംഹാസനത്തിന്റെയും അധികാരത്തെ ഒട്ടും കുറയ്ക്കുന്നില്ല. റോമൻ കൂരിയായുടെ വിവിധ വകുപ്പുകളിലൂടെയാണ് മാർപാപ്പാ സാർവ്വത്രികസഭയിൽ പരമവും സമ്പൂർണ്ണവും നേരിട്ടുള്ളതുമായ അധികാരം കൈകാര്യം ചെയ്യുന്നത്.

**iii)** **രൂപതാമെത്രാന്മാരുടെ അജപാലന ശുശ്രൂഷ :** ഈ ഡിക്രിയുടെ രണ്ടാം അദ്ധ്യായം മുഴുവൻ രൂപതാമെത്രാന്മാരെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. വൈദികഗണത്തിന്റെ സഹകരണത്തോടെ അജപാലനം നടത്താനായി മെത്രാനെ ഏൽപിച്ചിരിക്കുന്ന ദൈവജനത്തന്റെ ഒരു ഭാഗമാണ് രൂപത(n. 11). ഈ അജഗണത്തെ മാർപാപ്പയുടെ അധികാരത്തിന് വിധേയമായി കർത്താവിന്റെ നാമത്തിൽ പഠിപ്പിച്ച്, വിശുദ്ധീകരിച്ച്, ഭരിച്ച് നടത്തുകയാണ് ഓരോ രൂപതാമെത്രാന്റെയും പ്രധാന ദൗത്യം. അജപാലനപരമാണ് മെത്രാന്മാരുടെ എല്ലാ ശുശ്രൂഷകളും. അജപാലനം അനുവദിക്കുന്നിടത്തോളം മാനുഷിക പ്രശ്നങ്ങളിലും അവർ ഇടപെടുന്നു. രൂപതാമെത്രാനും വൈദികരും തമ്മിലുള്ള ബന്ധത്തിൽ മക്കളും സ്നേഹിതരുമെന്ന നിലയിൽ വൈദികരുടെ ആദ്ധ്യാത്മികവും മാനുഷികവും ഭൗതികവുമായ സുസ്ഥിതിയിൽ മെത്രാന്മാർ പ്രത്യേകം ശ്രദ്ധവയ്ക്കുവാനും ഈ രേഖ മെത്രാന്മാരെ ഓർമ്മപ്പെടുത്തുന്നു. വിശ്വാസികളോടും വൈദികരോടും ചേർന്ന് ഒരു കുടുംബമായി രൂപതയെ മെത്രാന്മാർ നയിക്കുന്നു. രൂപതയുടെ അജപാലന ശുശ്രൂഷയുടെ നിർവ്വഹണത്തിൽ മെത്രാന്മാരെ സഹായിക്കുവാൻ സഹമെത്രാൻമാരും സഹായ മെത്രാന്മാരും രൂപതാക്കച്ചേരിയും വിവിധകൗൺസിലുകളും ഉണ്ടാകേണ്ടതാണെന്നും രൂപതാ വൈദികരുടെയും സന്യാസവൈദികരുടെയും ശുശ്രൂഷകൾ ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തണമെന്നും ഈ രേഖ മെത്രാന്മാരെ അനുസ്മരിപ്പിക്കുന്നു.

**iv)** **മെത്രാന്മാരുടെ പ്രാദേശിക സഹകരണം:** സാർവ്വത്രികസഭയുടെയും പ്രാദേശിക സഭകളുടെയും ക്ഷേമത്തിനു വേണ്ടി മെത്രാന്മാരുടെ സഹകരിച്ചുള്ള പ്രവർത്തനങ്ങളും ഈ പ്രമാണരേഖ നന്നായി പ്രോത്സാഹിപ്പിക്കുന്നു. ഇതിനായി പ്രവിശ്യ, മേഖല, പ്രാദേശിക, ദേശീയ തലങ്ങളിൽ മെത്രാന്മാരുടെ കോൺഫറൻസുകളുണ്ടാകണമെന്നും ഈ രേഖ നിർദ്ദേശിക്കുന്നുണ്ട്. കേരള പശ്ചാത്തലത്തിൽ കെ. സി. ബി. സി. യും ദേശീയ തലത്തിൽ സി. ബി. സി. ഐ. യും ഇവയ്ക്കു നല്ല ഉദാഹരണങ്ങളാണ്.ദൈവജനത്തെ നയിക്കുവാനും അതിനെ വർദ്ധിപ്പിക്കുവാനുമായി ഈശോ തന്നെ സഭയിൽ സ്ഥാപിച്ചിരിക്കുന്ന വിവിധ ശുശ്രൂഷാക്രമങ്ങളിൽ ഏറ്റവും ശ്രേഷ്ഠവും ഉത്തരവാദിത്വപൂർണ്ണവുമായ ശുശ്രൂഷയാണ് മെത്രാൻ ശുശ്രൂഷയെന്നും അത് മെത്രാൻമാരുടെ സംഘാതാത്മകതയിലും പരസ്പരസഹകരണത്തിലും അധിഷ്ഠിതമാണെന്നും ഈ രേഖ നമ്മെ പഠിപ്പിക്കുന്നു. മേൽപ്പട്ടക്കാരായ മെത്രാന്മാരോടു ചേർന്ന് വിധേയത്വത്തോടും വിശ്വസ്തതയോടും സഹകരണത്തോടും കൂടെ നമുക്കും സഭാ ഗാത്രത്തെ പടുത്തുയർത്തുവാൻ ആകുന്നിടത്തോളം ശ്രമിക്കാം.